LIBRARY ARCHIVES Kerala Legislative Assembly

കൈനടി പോലീസ് സ്റ്റേഷൻ നിർമ്മാണം

68 (358) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കൈനടി പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത കെട്ടിടനിർമ്മാണം എത്രത്തോളം പൂർത്തീകരിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ വിശദമാക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനായി പതിനൊന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പന്ത്രണ്ട് ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു. രണ്ട് നിലകളുള്ള കെട്ടിടമാണ് പണിയുന്നത്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ചുവരുകൾ അകവും പുറവും പുശിക്കഴിഞ്ഞു. പ്ലംബിംഗ്, വയറിംഗ് എന്നീ പണികളും (ഫിറ്റിംഗുകൾ ഒഴികെയുള്ളവ) പൂർത്തിയായി. നാളിതുവരെ പോലീസ് സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 9,69,078/- രൂപ ചെലവായി.

(സി) പെയിന്റിംഗ്, വാതിലുകൾ ഘടിപ്പിക്കുക, അലുമിനിയം (സ്ലൈഡിംഗ് രീതിയിലുള്ളവ) ജനാലകൾ ഘടിപ്പിക്കുക, ടോയ്‌ലറ്റുകളിലും തറയിലും ടൈലുകൾ പതിക്കുക, പ്ലംബിംഗിന്റെയും ഇലക്ട്രിക്കൽ പണികളുടെയും ഫിറ്റിംഗുകൾ ഘടിപ്പിക്കുക എന്നീ പണികളാണ് അവശേഷിക്കുന്നത്.

തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

69(359) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തീരദേശ പോലീസ് സ്റ്റേഷനുകൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഇതിൽ നാളിതുവരെ എത്ര എണ്ണം പ്രവർത്തനം തുടങ്ങി;

(സി) ഓരോ പോലീസ് സ്റ്റേഷനിലും ഓരോ തസ്തികകളിലായി എത്ര ഉദ്യോഗസ്ഥർ വേണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്;

(ഡി) ഇനിയും എത്ര തീരദേശ പോലീസ് സ്റ്റേഷനുകൾ കൂടി ഉടൻ തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാരിന് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ തീരദേശ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 8 തീരദേശ പോലീസ് സ്റ്റേഷനുകളും രണ്ടാം ഘട്ടത്തിൽ 10 തീരദേശ പോലീസ് സ്റ്റേഷനുകളും തുടങ്ങാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

(ബി) ആദ്യഘട്ടത്തിൽ അനുവദിച്ച 8 തീരദേശ പോലീസ് സ്റ്റേഷനുകളിൽ 6 സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) ഓരോ തീരദേശ പോലീസ് സ്റ്റേഷനിലും താഴെപ്പറയുന്ന അനുപാതത്തിൽ തസ്തികകൾ/ഉദ്യോഗസ്ഥർ വേണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്

സി.ഐ.	- 1
എസ്.ഐ.	- 3
മാസ്റ്റർ ഡ്രൈവർ (എ.എസ്.ഐ. റാങ്ക്)	- 3
എച്ച്.സി.	- 9
പി.സി.	- 30
ബോട്ട് ഡ്രൈവർ	- 6
ലാസ്കർ	- 6
സ്രാങ്ക്	- 6
ജീപ്പ് ഡ്രൈവർ	- 2
പി.റ്റി.എസ്.	- 1

(ഡി) ഒന്നാം ഘട്ടത്തിൽ ആരാംഭിക്കാനുള്ള 2 തീരദേശ പോലീസ് സ്റ്റേഷനുകൾ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. രണ്ടാം ഘട്ടത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 10 തീരദേശ പോലീസ് സ്റ്റേഷനുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) തീരദേശ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പട്രോളിങ്ങിനായി 20 ബോട്ടുകളും ഓരോ തീരദേശ പോലീസ് സ്റ്റേഷനുകൾക്കും 1 ഫോർ വീലറും 2 ടൂവീലറും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനാവശ്യമായ നാവിഗേഷൻ/കമ്മ്യൂണിക്കേഷൻ ഉപകരണം, കാർഡ് റീഡേഴ്സ്, രാത്രികാലങ്ങളിൽ പട്രോളിങ്ങ് നടത്തുന്നതിന് ബോട്ടുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ, കമ്പ്യൂട്ടർ സിസ്റ്റം, ഫർണിച്ചർ മുതലായവ വാങ്ങുന്നതിന് 15 ലക്ഷം രൂപ വീതം രണ്ടാം ഘട്ടത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പട്രോളിങ്ങ് ബോട്ടുകൾ അടുക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി 4 ജെട്ടികൾ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഓരോ ജെട്ടിക്കും 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. പട്രോളിങ്ങ് നടത്തുന്ന 12 ടൺ ബോട്ടുകളുടെ ഇന്ധന ചെലവിനായി അനുവദിച്ചിരുന്ന 4 ലക്ഷം രൂപയും 5 ടൺ ബോട്ടുകൾക്ക് അനുവദിച്ചിരുന്ന 3 ലക്ഷം രൂപയും യഥാക്രമം 5 ലക്ഷം രൂപയും 4 ലക്ഷം രൂപയും എന്നിങ്ങനെ കേന്ദ്രസർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly